# ഗാനമാല



ചിററിലപ്പിള്ളി

T61
C45

T61
C45

# ഗാനമാല

By

ജി. ചിററിലപ്പിള്ളി.

എൽത്തുരുത്ത്.

T 61
C 45

DHARMARAM COLLEGE LIBRARY
4213
BANGALORE.

വില: 5 ണ.

Copyright to

St. Joseph's I. S. Press, Elthuruth.
1959.

Nihil Obstat, Rev. Fr. Alanus C.D.

IMPRIMATUR:—

Bishop's House,
Trichur.
22 - 3 - 1959.

† G. C. ALAPATT.
*Bishop of Trichur.*

Cover Block Drawing K. A. Paul.

# അവതാരിക

ശ്രീമാൻ ജി. ചിററിലപ്പിള്ളിയുമായി പരിചയപ്പെടുവാൻ എനിക്കിടയായതു് ഞാൻ ഏൽത്തുരുത്തു് സെൻറ് അലോഷ്യസ് ഹൈസ്കൂളിൻെറ പ്രഥമാദ്ധ്യാപകനായിരിക്കയിലത്രെ. അത്ര കാലതാമസം വേണ്ടിവന്നില്ല, ആ കുഞ്ഞുസഹോദരനിൽ സാഹിത്യവാസന ഒളിഞ്ഞുകിടപ്പുണ്ടെന്നു ഗ്രഹിക്കുവാൻ. എന്നാൽ സരസ്വതീസമ്പക്കം പുലർത്തി പ്രസ്തുത വാസനയെ പരിപോഷിപ്പിക്കുവാൻ അനുവദിക്കാത്തതാണല്ലൊ ഈ കുഞ്ഞിൻെറ സാഹചര്യങ്ങൾ എന്നോർത്തു് അന്നു പലപ്പോഴും കുണ്ഠിതപ്പെടാറുണ്ടു്. ആകാശപ്പരപ്പിൽ പാടിപ്പറക്കേണ്ട ഈ വാനമ്പാടി, പാടാത്ത പൈങ്കിളിയായി കാലയവനികകളുള്ളിൽ മറയുമോ? ഞാൻ ശങ്കിച്ചു.

എന്നാൽ ദൈവത്തിൻെറ വഴികൾ ആരറിഞ്ഞു. സുപ്രസിദ്ധകലാകാരനായ ബ്രൗണിംഗ് കലാശാലയിൽ കടന്നു സാഹിത്യനിധികൾ ശേഖരിക്കുമ്പോൾ, അദ്ദേഹത്തിൻെറ സമകാലീനനായ ചാറൾസ് ഡിക്കൻസ് ദാരിദ്ര്യത്തിൻെറയും കഷ്ടാരിഷ്ടതകളുടേയും വിദ്യാലയത്തിൽ പഠിച്ചു സാഹിത്യകലയിൽ പരിചയപ്പെടുകയായിരുന്നു. ജി. ചിററിലപ്പിള്ളിയെക്കുറിച്ചും ഇതുതന്നെ വേണം പറയുവാൻ. അവശതകളുടെ പരുപരുപ്പൻ താളുകളിൽനിന്നു് സുഖദുഃഖങ്ങൾ എന്ന ലിപികൾ നോക്കി ജീവിതയാഥാത്ഥ്യങ്ങൾ അവയുടെ തനിനിറത്തിൽ മനസ്സിലാക്കണമെന്നായിരുന്നു ദൈവചിത്തം. ദൈവചിത്തത്തെ ചോദ്യംചെയ്യാൻ നാം ആരു്!

രണ്ടാംഫാറത്തിൽവെച്ചു സ്കൂൾപഠനത്തിന്നു പൂർണ്ണവിരാമമിടുവാൻ നിർബ്ബന്ധിതനായ ജോർജ്ജ്, തന്റെ എളിയ ഔദ്യോഗികജീവിതത്തിൽനിന്നു് വിരമിക്കാതെതന്നെ ആറാംഫാറം പരീക്ഷയ്ക്കൊരുങ്ങി പാസാകുകയും അതേസമയംതന്നെ കൈരളീസേവനം തുടർന്നുപോരുകയും ചെയ്തു. ഇങ്ങനെയാണ് മരിയാംബികയുടെ അപദാനങ്ങളെ പുരസ്കരിച്ചു, മേരീസുതന്റെ തിരുവയസ്സിനെ ആസ്പദമാക്കി 33 ഗാനങ്ങൾ അടങ്ങിയ 'ഗാനകുസുമങ്ങൾ' എന്ന കൃതി പുറത്തിറക്കിയതു്. "ഗാനകുസുമങ്ങൾ" അവതരിപ്പിച്ചുകൊണ്ടു്, ഫാദർ ജെ. ചെമ്മണ്ണൂർ പറയുകയാണ് "ഈ ഗാനകുസുമങ്ങളെല്ലാംതന്നെ സുരഭിലമാണു്, ആകർഷകമാണു്, നിറപ്പകിട്ടുള്ളതുമാണു്." ഈദൃശഗുണങ്ങൾ തന്നെയായിരിക്കണം പ്രസ്തുത കൃതിക്കു അഭികാമ്യമായ സ്വാഗതം ജനതാമദ്ധ്യത്തിൽ ലഭിക്കുവാനുണ്ടായ കാരണം.

ആ കവിഹൃദയം പിന്നേയും തുടിച്ചു, ആ വാനമ്പാടികുഞ്ഞു പിന്നേയും പാടി, ആ പിഞ്ചുകരങ്ങൾ തൂലികയേന്തി പിന്നെയും ചലിച്ചു. നോക്കണം വേറൊരു ഗാനസമാഹാരം— "ഗാനമാല". ക്രിസ്തുനാഥന്റേയും,ദിവ്യജനനിയുടേയും,മററുവിശുദ്ധരുടേയും അപദാനങ്ങളടങ്ങിയ നാല്പത്തിയാറു ഗാനകുസുമങ്ങളാണു ഈ 'മാല'യിൽ ഇണക്കിയിട്ടുള്ളതു്. ലളിതസുന്ദരങ്ങളായ പദങ്ങൾ കൂട്ടിയിണക്കി കെട്ടിയുണ്ടാക്കിയിട്ടുള്ള ഈ "ഗാനമാല"യ്ക്കും പ്രോത്സാഹജനകമായ ഒരു സ്വാഗതം സർവ്വത്ര ലഭിക്കുമെന്നതിനു് സംശയമില്ല. സ്നേഹനാഥനോടൊത്തു മരിയാംബികയും ഈ യുവഗായകന്റെ മധുരഗീതങ്ങളെ കടാക്ഷിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി "ഗാനമാല" സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

വരന്തരപ്പിള്ളി,
12—3—1959.

ഫാ. ലാസർ സി. ഡി.
ബി. എ. എൽ. ടി.

# പ്രസ്താവന

സുകുമാരകലകളിൽ ഏററം ഉൽകൃഷ്ടവും ഹൃദയതന്ത്രികളെ ചലിപ്പിക്കുവാൻ ഉതകുന്നതുമാണല്ലൊ സംഗീതം. സർവ്വജീവജാലങ്ങളും സംഗീതമാധുരിയിൽ ലയിച്ച് ആനന്ദനിർവൃതിയടയുന്നു. കൈരളീദേവിയെ കൊച്ചു "കുസുമങ്ങൾ" കൊണ്ട് ആരാധിക്കുവാനായിരുന്നു എന്റെ ആദ്യപരിശ്രമം. ഇപ്പോൾ ഞാൻ ദേവിയുടെ മുൻപിൽ നമ്രശിരസ്കനായി, ഭക്ത്യാദരവോടെ ഈ 'മാല'യുമായി നിലകൊള്ളുകയാണ്. ദേവി ഇതു് സസന്തോഷം സ്വീകരിക്കുമെന്നു് ഞാനാശിക്കുന്നു.

"ഗാനമാല"യിൽ ചേർത്തിട്ടുള്ള മിക്ക ഗാനങ്ങളും ഞാൻ ഓരോ അവസരങ്ങളിലായി ചില മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്. "ഗാനകുസുമങ്ങൾ" എന്ന എന്റെ ആദ്യകൃതിയെ ഗാനപ്രിയരായ ബഹുജനങ്ങൾ തഴകിത്താലോലിച്ചതിന്റെ പ്രതിഫലനമാണ് ഈ "ഗാനമാല".

ഇതിന്റെ പ്രസിദ്ധീകരണത്തിൽ ശ്രീമാൻമാർ ഏ. എസ്സ്. മേനോൻ, കെ. ഏ. പോൾ (ആർട്ടിസ്റ്റ്)

വി. സി. അഗസ്റ്റ്യൻ (ഹാർമ്മോണിസ്റ്റ്) മുതലായവരുടെ സഹായങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ടെന്നുള്ളതു ഞാൻ കൃതജ്ഞതാപൂർവ്വം എന്നെന്നും അനുസ്മരിക്കുന്നതാണ്.

അഗാധപണ്ഡിതനും വാഗ്മിയും ഒരു ഉന്നതതത്വചിന്തകനുംകൂടിയായ റവ: ഫാദർ ലാസർ ടി. ഒ. സി. ഡി., ബി. എ., എൽ. ടി. അവർകൾ ഉജ്വലമായ ഒരവതാരികയാൽ ഈ "ഗാനമാല"യെ അനുഗ്രഹിച്ചതിൽ അദ്ദേഹത്തോടും, ഈ പുസ്തകം ഇത്രയും വേഗത്തിലും ഭംഗിയായും അച്ചടിച്ച് പ്രസിദ്ധീകരിക്കുന്ന ഏൽത്തുരുത്ത് പ്രസ്സ് ഭാരവാഹികളോടും, മററെല്ലാ വിധത്തിലും എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടും എനിക്കളവററ കൃതജ്ഞതയുണ്ട്.

രചയിതാവ്

## ഒന്നു്.

(ഇനിയെന്നു കാണുമെൻ പ്രണയത്തിടംബേ.... ഏ. മ.)

മതിപോൽ നീ വാഴ്കായെൻ ഹൃദയാധിരാജാ
മമ മനം ആനന്ദം പൂണ്ടിടും നാഥാ.
(മതിപോൽ.......

1. തിരുരക്തം ചിന്തിനിൻ അനന്തമാം സ്നേഹം
പരിചിൽ നീയെന്നിൽ ചൊരിയുന്ന നേരം.
കറപൂൽകും പാപങ്ങളാം കഴുകിയെന്നാലും
വിരവിൽ പ്രമാദത്തിൽ മുഴുകിയെന്നാലും
പദതാരിൽ കേണുഞാൻ പ്രണമിച്ചിടുമ്പോൾ
പനിമതിപോൽനീയും കനിഞ്ഞിടുമെന്നിൽ.
(മതിപോൽ........

2. തിരുദേഹമർപ്പിച്ചെൻ നിരവധിപാപം
മറച്ചതിനാലങ്ങെ മഹനീയത്യാഗം;
വിലസുന്നു കാൽവരി—ഗിരിയതിലിന്നും
തികച്ചിടുമാബലി—പരി: പൂജതന്നിൽ
കനിവോടെ പാപിയെൻ അകതാരിലങ്ങേ
കുളിരെഴും ദാനങ്ങളാം പൊഴിക്കുകച്ചെമ്മേ.
(മതിപോൽ........

3. തിരുവോസ്തി—യപ്പത്തിൻ മഹനീയരൂപത്തിൽ
അധിവാസം ചെയ്യും മമനാഥനെന്നിൽ.
അവിരാമ ശാന്തിതൻ മഹിതരഭാസ്സാൽ
മതികലപോലെന്നിൽ വരധാര തൂകി.
കനിവിൻ കവാടമാം തവചിത്തമെന്നും
കനകമായ് ലോകത്തിൽ വിളങ്ങിടുമെന്നും!
(മതിപോൽ........

## രണ്ടു്.

(പ്യാസയിലെ "ജാനെവഹ്കൈസെ........" എ. മ.)

യേശുമഹേശൻ സ്നേഹസ്വരൂപൻ
ക്രൂശിതനായ് ബലിയായ്
ക്രൂശിൽ ഘോരകഠോരം പീഡകൾ
ഏറ്റുപാപികൾക്കായ്.... (യേശു....

1. തവരക്തം താൻചിന്തും ഭുവിൽ
ഒഴുകും പുഴയതുപോൽ
തൻചിരസ്നേഹം ചൊരിയും നമ്മിൽ
അജമായ് ബലിയതുപോൽ
തൻപരിത്യാഗമതാലേ മനുജ—
ന്നേകി ഭാഗ്യസുധാ........
ക്രൂശിൽഘോര കഠോരം ....... (യേശു........

2. ഘനമെഴുമാ........നരപാപം പാരിൽ
കഴുകും തിരുനിണവും
അനഘമതാം നിൻ പൂന്തനുവും നീ
അരുളീ ഭാജനമായ്
ഹാ! പരിപൂജയതാലേ പര—
ലോകമതേറി നരർ!
ക്രൂശിൽ ഘോരകഠോരം........ (യേശു........

3. അഖിലേശൻതൻ പാവനഭക്തർ
അണിയായ് ചേരുകയായ്
പാവനകീർത്തനമുതിരും ദിവ്യർ—
മഹിതൻ, തൻഗണമായ്.
ആ പരിപൂജതൻ മോഹന വേദിയിൽ
നാമും ചേർന്നിടുവാൻ....
ക്രൂശിൽ ഘോരകഠോരം............ (യേശു....

## മൂന്നു്.

(ദോ ആംഖെബാരഹ് ഹാഥിലെ
"മേംഗാവൂംതുചുപ് ഹോജാ........" എ. മ.)

ആ.... ആ.... ആ....
ഓ സര്‍വ്വേശാ ജഗദീശാ
കൈവല്യംനല്‍കുംഈശാ.... (ഓ സര്‍വ്വേശാ....

1. കരയുംനിന്‍സുതര്‍ക്കായ്പാരം
കനിവിയലാന്‍ നീയാധാരം.
കരുണാലയനാം നീയഖിലേശാ
കൃപതന്‍മഴയേകുകയെന്നില്‍.
ഓ സ്നേഹത്തിന്‍ മധുതൂകി
നീ വാഴ്ക്കായെന്നകതാരില്‍.... ആ.... ആ....
(ഓ സര്‍വ്വേശാ....

2. മോഹത്തിന്‍ കൂരിരുളാഴലഞ്ഞാന്‍
നാശത്തില്‍ വീണൊരുനാളെല്ലാം
കരുണയതിന്‍ മതിയായ് നീയെന്‍
വേരററ ചേതന യേകീലേ!
ഓ ഈശോയെ മമ നാഥാ
ആശിസ്സേകുക നീ നാഥാ! .... ആ.... ആ....
(ഓ സര്‍വ്വേശാ....

3. മഹിയില്‍ പാപികള്‍ക്കെല്ലാംനീ
മഹിതാലംബം, ലോകേശാ
മഹനീയവരാംബുധിയില്‍പാരം
മഹിതലംകുളിരാര്‍ന്നിടുവാനായ്
ഓ ഈശോയെ മമ നാഥാ
ആശിസ്സേകുക നീ നാഥാ! ആ.... ആ....
(ഓ സര്‍വ്വേശാ....

## നാല്.

(കുടപ്പിറപ്പിലെ "എന്തിനു പൊൻകനികാം...." എ. മ.)

കാൽവരിമാമലയിൽ– മഹേശൻ
കാരിരുമ്പാണികളിൽ! (കാൽവരി....

1. ലോകപാപമതിൽ– കുരിശ്ശതിൽ
ലോകാധിരാജാവിതായേകി ജീവൻ
ലോകപാപ.... .... .... ....
കേഴുകനീമനുജാ— സുശാന്തി
തേടുക നീ ഹൃദയേ (കാൽവരി....

2. വീണു പാറകളിൽ— മദീശൻ
സന്താപക്കണ്ണീരിലാഴ്ന്നപാരം
വീണു.... .... .... ....
ഘോരകഠോരമിതാ— തളർന്നു
ഭാരവും താങ്ങിയിതാ! (കാൽവരി....

3. ദീനരായവരിൽ— കനിഞ്ഞ
ദീനദയാർദ്രൻ മഹേശൻ കുരിശ്ശിൽ
ദീനരാ.... .... .... ....
മുൾമുടിചൂടിയിതാ— ശിരസ്സതിൽ
മാമകപാപമതാൽ! (കാൽവരി....

## അഞ്ച്.

(ഹിന്ദി 'മധുമതി'യിലെ "സുഹാനാസഫർ...." എ. മ.)

മഹേശാ പാദം ഞാൻ വണങ്ങാം മുദാ
മഹാ സ്നേഹസാരാംശമേ, സർവ്വദാ
(മഹേശാ....

1. നീ താനെ നകതാരിന്നാനന്ദദായകൻ
നീ താനെന്ന .... .... .... .... .... ....
നീ തന്നെ സർവ്വക്കും സ്വർഗ്ഗീയനായകൻ
നീ തന്നെ .... .... .... .... .... .... ....
അകതളിരിൽ കരമലരാൽ വരസുധയെ
നീയേകിടാൻ (മഹേശാ....

2. വിണ്ണിൻെറ വിരിമാറിൽ വാരഞ്ചും ദീപ്തിയേ!
വിണ്ണിൻെറ .... .... .... ....
മന്നിൻെറ കറമാററും കാരുണ്യവാരിധേ!
മന്നിൻെറ .... .... .... ....
വരനിധിയേ, മമഹൃദയേ മുഴുമതിയായ്
വാഴ്കാ സദാ (മഹേശാ....

3. ലോകത്തിൻ പാപങ്ങളം ക്രൂശിൽ വഹിച്ച നീ
ലോകത്തിൻ .... .... .... ....
ഗാഗുൽത്ത മലമേലെ ഭാരം സഹിച്ച നീ
ഗാഗുൽത്ത .... .... .... ....
മതിമലരിൽ പ്രഭചൊരിയാൻ മുഴുമതിയായ്
വാഴ്കാ സദാ (മഹേശാ....

## ആറ്.

('മന്ത്രവാദി'യിലെ "ജീവേശ്വരാ നീ പിരിഞ്ഞാൽ" എ. മ.)

സ്നേഹാത്മജാ, നീ കനിഞ്ഞാൽ
സ്നേഹിപ്പതിന്നുടൻ ഞാൻ
വാനേശനങ്ങേയ്ക്കു മോദാൽ
മാനസ്സമേകുമെൻ നാഥാ! (സ്നേഹാത്മജാ....

1. അങ്ങെത്തിരഞ്ഞു ഞാനിങ്ങുതാപത്താൽ
കണ്ണീർ ചൊരിഞ്ഞു ഹതാശനായി
അങ്ങെത്തിരഞ്ഞു .... .... .... ....
എന്നെപ്പുണർന്നു നീയാശകളാൽ
എൻമലർക്കാവിൽ വസിച്ചിടുവാൻ
(സ്നേഹാത്മജാ....

2. വിരഹമേ! കഷ്ടമെൻപാപമല്ലോ!—നീ
വരുമെങ്കിലീക്കണ്ണീർ കാഴ്ചവെയ്ക്കാം
വിരഹമേ! .... .... .... ....
വിധിയിങ്കലാക്കമൊഴിഞ്ഞുപോകാ—
ഗതിയോർത്തു ചിത്തം തകരുമാറായ്
(സ്നേഹാത്മജാ....

## ഏഴ്.

('ദോ ആംഖെ ബാരഹ് ഹാഥി'ലെ "ദയ മാലിക് തേരെ ബന്തെഹം...." എ. മ.)

കൂപ്പാം നിൻപദം നായകാ
ദിവ്യകാരുണ്യസന്ദായകാ
തിന്മപോക്കുന്നൊരാ
ചിന്മയാനന്ദനാ!
നന്മയൂകുന്ന കരുണാലയാ! (കൂപ്പാം....

1. ദയാസാഗരാ ചേതോഹരാ!
കരുണാകരാ പാപാന്തകാ!
ദയാസാഗരാ .... .... .... ....
പരിപാഹിസദാ, ഭൂവിദുരിതാന്തകാ
ഭാവുകാനന്ദ ജഗതാധിപാ! (കൂപ്പാം....

2. നരർമേവുന്ന കൂരിരുളിൽ
കരമേകുനീ പാവങ്ങളിൽ
നരർമേവുന്ന .... .... .... ....
പരിപാഹിസദാ, ഭൂവിദുരിതാന്തകാ
ഭാവുകാനന്ദ ജഗതാധിപാ! (കൂപ്പാം....

## എട്ട്.

(ബൂട്ട്പോളിഷിലെ "തുമാരേഹംതുംസേ...." എ. മ.)

മഹാരാജനീശാ കരംകൂപ്പി ഞങ്ങൾ
മുദാ വാഴ്ത്തിടുംനിൻ മഹൽകീർത്തനങ്ങൾ.
(മഹാരാജ....

1. വിനാശം നിറഞ്ഞുള്ള ലോകത്തിൻദീനാ—
വിലാപം ശ്രവിച്ചീടുകാ സ്നേഹരാജാ
നിരാലംബരാക്കി വിടാതെ മഹേശാ
നിരാശായിരുൾനീക്കിടാനായ് മദീശാ
നിതാന്തം വരങ്ങൾ കനിഞ്ഞേകിയാലും!
(മഹാരാജ....

2. ദുരാശായിരുൾമൂടിടുന്നല്ലീലോകേ
പ്രകാശംപരത്തീടു നീ താരപോലെ
മഹൽത്യാഗിയാംനിൻ മഹാമാരിപുൽകാൻ
കൃപാവാരിധേ നിൻ ദയാവായ്പിലാഴാൻ
അഭംഗഭാഗ്യമേനീ— വരംനൽകിമോദം
(മഹാരാജ....

## ഒൻപതു്.

( "ഓടക്കുഴലുമായ്...." എ. മ )

ആനന്ദമുതിരും എൻമണിവീണയിൽ
ആനവകീർത്തനം പാടാൻ
ആശിസ്സിൻമാരിചൊരിയുമഹേശ, യെൻ
ആത്മാവിലാഗതനായി. (ആനന്ദ....

1. ഓ.... പൂത്തുലഞ്ഞൊരെൻ മാനസവാടിയിൽ
പൊൻമുടിചൂടിയനാഥൻ.... പൂത്തുലഞ്ഞൊരെൻ
നൽവരാമൃതം പൊഴിയുകയാണാ
ദൈവസൂനു, മഹേശൻ.... നൽവരാ....
(ആനന്ദ....

2. ഓ.... ജീവിതാശകളാത്മജരിൽനീ
ശാശ്വതസുന്ദരമാക്കി.... ജീവിതാശ....
ശാന്തിയലയതിൽ നിൻസുതവൃന്ദം
നീന്തിയണയട്ടെന്നും.... ശാന്തിയല....
(ആനന്ദ....

3. ഓ.... ഓസ്തിയിൽത്തവകരുണകതിരാൾ
നിസ്തുലമെന്നും സ്നേഹാൽ.... ഓസ്തിയിൽ....
പാർത്തിരിക്കും മഹിതമഹാത്മജൻ
ഭാഗ്യപ്പൊൻവരമേകാൻ.... പാർത്തിരിക്കും....
(ആനന്ദ....

## പത്തു്.

(ജനംജനംകെഫേരെയിലെ
"ജരാസാമനേതോ ആവോ ചലിയേ...." എ. മ.)

ദൈവദാനമാരിതുകം മിശിഹാ
ദൈവികപ്രഭാവമതിൽതാൻ ലീനനായ്
ദിവ്യസക്രാരിഗേഹമതിലേകനായ്
വാഴും സർവ്വനാഥനായാരാധ്യനായ്
(ദൈവദാന....

1. ചിന്മയരൂപൻ സ്നേഹസ്വരൂപൻ
നന്മകരാംയൂകുന്ന ക്രിസ്തുദേവൻ
ഗാഗുൽത്തമലയിൽ പാരിൻകടങ്ങളാം
പോക്കിയനാഥൻ യേശുദേവൻ
(ദൈവദാന....

2. സത്യപ്രദീപാ കാരുണ്യരൂപാ
നിത്യപ്രശാന്തിതൻ ദിവ്യനാഥാ.
കന്യകാനന്ദനാ കൈവല്യദായകാ
കൈതന്നു കാത്തരുളും സ്നേഹനാഥാ.
(ദൈവദാന....

## പതിനൊന്നു്.

(ഹിന്ദി 'പർവരിശ്'ലെ "മസ്തീഭരാഹേസമാ...." എ. മ.)

കാരുണ്യനാഥാ മൂദാ, കൈവല്യദാതാവെനീ
കാലുഷ്യം നീക്കി മാലിന്യം മാററി
വാത്സല്യദാ നായകാ........ (കാരുണ്യ....

1. സ്നേഹസാഗരമാണു നീ
സ്നേഹവീചികളേകുനീ
ശോകക്കാർമുകിൽ നീക്കി നീ
ലോകശാന്തിയതേകു നീ
നിർമ്മലസാനുവിൽ ചിന്മയസൂനുവായ്
കന്മഷം നീക്കിയ നീ........ (കാരുണ്യ........

2. മർത്ത്യപാപം ചുമന്നുനീ
മുക്തിയേകി നരനു നീ
സ്നിഗ്ദ്ധകോമളതങ്കമേ,
മുഗ്ദ്ധശ്യാമളസൂനമേ....
അങ്ങെമറന്നുഞാൻ പാപത്തിൽ ആണ്ടുപോയ്
താപമാന്നീടുകെന്നിൽ........ (കാരുണ്യ........

3. സർവ്വസിദ്ധിതൻ കേന്ദ്രമാം
സർവ്വഭാഗ്യവും നിന്നിലാം
നിൻകൃപാമൃതം ഏകിയാൽ
നിൻപദാംബുജം പുൽകിയാൽ
ആമയംനീങ്ങിടും ക്ലേശമാം മാഞ്ഞിടും
പാരിൻ പ്രകാശമേ നീ........ (കാരുണ്യ........

## പന്ത്രണ്ടു്.

("ഐനബാ ഉൻസെ കഹ്നെരാ........" എ മ.)

വാഴ്കാ— ജീവദായകാ
വാഴ്കാ— നീതിതൻ സ്വരൂപകാ.
വാനരാജാ— സ്നേഹരാജാ
വാനവർ പുകഴ്ത്തിടുന്ന ദൈവികാത്മജാ!
(വാഴ്കാ........

1. ആശയകം തന്മലർനീ ലോകസാഗരേ
ആത്മദാഹമേകിടാതതങ്ങളാക മർത്ത്യരെ!
ആശയകം .... .... .... ....
സ്നേഹനാഥാ— യേശുനാഥാ....
മോഹനംനിൻ പാദപത്മം കുമ്പിടുന്നിതാ!
(വാഴ്കാ........

2. പാവനാത്മഭാഗ്യകേന്ദ്രമായ ദീപമേ,
പാരിടത്തിൽ ദിവ്യധാര തൂകണെന്നുമേ
പാവനാത്മ .... .... .... ....
വാനരാജാ— സ്നേഹരാജാ
വാനവർ പുകഴ്ത്തിടുന്നദൈവികാത്മജാ!
(വാഴ്കാ........

3 ശാന്തിതൻ— താരമായി മിന്നിടുന്നുനീ
കാന്തിതൻ— സൂനമായ് വിരിഞ്ഞിടുന്നുനീ
ശാന്തിതൻ .... .... .... ....
ഹൃദയപാവിൽ— സ്വകൃതമാർന്നു
ഉദയഭാഗ്യമേകിടാനായ് കുമ്പിടുന്നിതാ!
(വാഴ്കാ........

# പതിമൂന്ന്.

(ഹിന്ദി സി. ഐ. ഡി. യിലെ
"ഹൈരിൽ ഹൈമുശ്കിൽ...." എ. മ)

വാണീടുകെൻ ദിവ്യരാജശേഖരൻ
അകതാരിൽ അതിമോദാൽ വിരിയും പുഞ്ചിരി-
യാൽ (വാണീടുകെൻ....

1. അഴകിൻെറ തൂവില്ലിൻ പൊൻകാന്തിയൊഴുകി
അഴലിൻെറ തീജ്വാല യാളുന്നെൻ കരളിൽ
അഴകിൻെറ.... .... .... .... ....
സ്വർഗ്ഗീയനാഥൻ- മമസ്നേഹരൂപൻ
അകതാരിൽ അതിമോദാൽ വിരിയും പുഞ്ചിരിയാൽ
(വാണീടുകെൻ....

2. ഹൃദയത്തിൽ മധുമാരി തൂകിയെൻനാഥൻ
മഹിയിൽതൻ പുതുശാന്തിയേകും വിൺരാജൻ
ഹൃദയത്തിൽ.... .... .... .... ....
സായൂജ്യമേകി- തവഭാഗ്യമരുളി
അകതാരിൽ അതിമോദാൽ വിരിയും പുഞ്ചിരിയാൽ
(വാണീടുകെൻ....

## പതിനാല്.

('ഭായിഭായി'യിലെ "ഏദിൽമുജെബദാതെ...." എ. മ.)

കാരുണ്യസ്നേഹരൂപൻ
നേരുന്നു മൽമഹേശൻ
പാരിന്നു മംഗളങ്ങൾ
തോരാതെന്നൽവരങ്ങൾ (കാരുണ്യ....

1. ആനന്ദദായകൻ നീ
മാകന്ദസൂനമെൻ നീ
മായൊല്ലെ മാരിവില്ലേ
മാനസ്സേനീവരില്ലേ? (കാരുണ്യ....

2. പ്രേമസ്സുതാരമെൻ നീ
മേരീസുതാ തരുനീ
കേഴുന്നിജീവിതത്തിൻ
മായാത്ത ഭാഗ്യമേ, നീ (കാരുണ്യ....

3. സക്രാരിയിൽ വസിക്കും
സമ്മോദമെന്നുമേതാൻ
സംശാന്തിനേർന്നിടുന്നു
സൗഭാഗ്യമേകിടുന്നു. (കാരുണ്യ....

4. ജീവേശ, ഞാൻ വരുന്നു
മാനസ്സവുംതരുന്നു
നാകേശ, യെൻഹൃദന്തം
ആകട്ടെനിൻവസന്തം! (കാരുണ്യ....

## പതിനഞ്ച്.

("നാഴിയൂരിപ്പാലകൊണ്ട്...." എ. മ.)

കാരുണ്യശാന്തിതൂകി വാഴ്ത്തായെൻ ജീവേശാ
മാലിന്യഹീനരാക്കിക്കാത്തരുളുക ലോകേശാ
നീ— കാത്തരുളുക ലോകേശാ!
(കാരുണ്യ....

1. സന്തപ്തചിത്തരല്ലോ മർത്ത്യർ പാരിൽ
സന്തപ്ത .... .... .... ....
പ്രക്ഷുബ്ധമാം കടലിൽ മുങ്ങിടുംപാരം
പ്രക്ഷുബ്ധമാം .... .... .... ....
പാപത്തിൻകൊടുങ്കാററിൽവന്നെത്തിതുണനൽകി
ലോകത്തിൽ ശാശ്വതമാം നിൻഭാഗ്യപൊൻ—
ലോകത്തിൽ .... .... .... .... (വരമേകി.
(കാരുണ്യ....

2. പാപത്തിന്നന്ധകാരം അതിഘോരനാശം
പാപത്തി .... .... .... ....
കാലത്തിൻസുന്ദരമാം കനകാഭവീശാൻ
കാലത്തിൻ .... .... .... ....
മായാതെസമ്മോദം മാനസേനീപുരുമോദം
മായൊല്ലെ മാരിവില്ലെ, നിൻതങ്കരശ്മിപരത്തി
മായൊല്ലെ .... .... .... ....
(കാരുണ്യ....

## പതിനാറ്.

("ദേഖ് തെരേ സംസാര്കിഹാലത്ത്'......." എ മ.)

യേശുമഹേശൻ കാൽവരിമലയിൽ
ക്രൂശിതനായ് ബലിയായ്
മിശിഹാ, ദയാപരൻ ബലിയായ്
മിശിഹാ, ദയാപരൻ ബലിയായ്.

ഭാഗ്യമതായ്ഹാ! മർത്ത്യനുജീവൻ
ത്യാഗമതായ് ഭുവനേ
മിശിഹാ, ദയാപരൻ ബലിയായ്
മിശിഹാ, ദയാപരൻ ബലിയായ്

1. പാപവിനാശം! ഘോരമതായി
പാരിടമഖിലം ചുഴിയുകയായി
പാലൊളിയെങ്ങോ മാഞ്ഞുമറഞ്ഞു
പാവനസ്നേഹം നീങ്ങിയൊളിഞ്ഞു

പാർത്തലമാകെ പാപമതാലേ
തീർത്തൊരു ക്രൂശുമതായ്
മർത്ത്യനായ് ദയാപരൻ ബലിയായ്
മർത്ത്യനായ് ദയാപരൻ ബലിയായ്
(യേശു....

2. മാനവരാജൻ ഗാഗുൽത്തായിൽ
മാമകപാപം കാരണമായി
മുൾമുടിചൂടി മൃത്യുവരിച്ചു
കന്മഷഭാരം- ക്രൂശുവഹിച്ചു.

പാപവിഹീനൻ യേശുമഹേശൻ
പാപം പോക്കിട്ടവാൻ
മിശിഹാ, ദയാപരൻ ബലിയായ്
മിശിഹാ, ദയാപരൻ ബലിയായ്.
(യേശു....

## പതിനേഴ്.

(ദോ ആംബെ ബാരഹ് ഹാഥിലെ
"യേ മാലിക തേരെബന്ദെഹം........" എ. മ.)

വാഴ്ത്താം നിൻപദം സന്തതം
വാഴ്ത്താ ഈശോയെ നീയെന്നിലും
ദിവ്യകരുണാമൃതം തൂകു മധുരാമൃതം
നവ്യമാക്കീടുമെൻ മാനസം! (വാഴ്ത്താം....

1. കരാംകേഴുന്നെൻ പാപങ്ങളിൽ
ഇരുളാംമൂടുന്നെൻ നേത്രങ്ങളിൽ
കരാം .... .... .... ....
പരനീശാസുതാ പരിപാഹീസദാ
പാരംപാപിഞാൻ വാഴ്ത്താംമുദാ.

ഓ സ്നേഹാത്മജാ, നായകാ
ഓ കന്യാസുതാ വാഴ്ക നീ
നീയെൻപ്രാണനാഥൻ, നീയെൻസ്നേഹരാജൻ
നീയെൻസർവ്വാധിപൻ, പാലകൻ.
(വാഴ്ത്താം....

2. അഴൽമാറ്റുന്ന സർവ്വേശ്വരാ....
കഴൽകൂപ്പുന്നു ലോകേശ്വരാ....
അഴൽമാറ്റുന്ന .... ....
അങ്ങേസ്നേഹാഗ്നിയാൽ ദിവ്യപ്രേമാംശുവാൽ
നവ്യമാക്കീടുകെൻ മാനസം.

ഓ ജീവേശ്വരാ നായകാ
ഓ കാരുണ്യകേദാരമെ!
നീയെൻപ്രാണനാഥൻ, നീയെൻസ്നേഹരാജൻ
നീയെൻസർവ്വാധിപൻ, പാലകൻ.
(വാഴ്ത്താം....

## പതിനെട്ട്.

(ദിൽസെമിലാകെ ദിൽപ്യാര് കീജിയേ.... എ. മ)

കാരുണ്യനാഥാ മമസ്നേഹനായകാ
പാഹിമഹേശജാതാ കന്യകാസുതാ.
(കാരുണ്യ....

1. എൻവരദായകാ മേദിനിപാലകാ
മാധുര്യഹൃദയം ഏകുകനാഥാ
മാമകാത്മദീപമേ ശാന്തിതൻ പ്രകാശമേ
മിന്നിത്തെളിയുന്നീ സ്വർഗ്ഗീയതാരമേ.
(കാരുണ്യ....

2. വിൺപ്രഭതൂകി, സായൂജ്യമേകി
ഭാസുരഭാവുക സൌഭാഗ്യമേകി
പൂജ്യമാത്മവേദിയിൽ
മോഹനപ്രദീപമായ്
മിന്നിത്തെളിയുന്നീ സ്വർഗ്ഗീയതാരമേ .(കാരുണ്യ....

# പത്തൊൻപതു്

('മദർ ഇന്ത്യ'യിലെ "ദുനിയാമെഹമാ...." എ. മ.)

അകതാരിലതി മോദമതാൽ വാഴ്ത്തമഹേശാ
നിൻകരമലരാൽ വരമധുവെ തൂകുമദീശാ.
(അകതാരിൽ....

1. മമഹൃദന്തമതിയായ് വിളങ്ങും മോഹനരൂപാ
മധുവരങ്ങളെല്ലാം പൂമഴയായ് തൂകുകനാഥാ!
പദമലരിണ ഞാൻ........തഴുകുവതിന്നായന്ന-
പദമലരിണ ഞാൻ .... .... .... .... (യുന്നേൻ
(അകതാരിൽ....

2. നിണമേകിയങ്ങീപാരിടത്തിൻ ഭീകരമാകും
കറകഴുകിടുവാൻ കരളുറച്ചദൈവകുമാരാ
തവകരുണയതാൽ....വരമഴയെ ചൊരിയുകെ-
തവകരുണയതാൽ .... .... .... .... (ന്നിൽനീ.
(അകതാരിൽ....

3. കനിവാർന്ന തവഹൃദയമലർ വാടിയതെന്തേ?
കനകാംഗിതമാം വദനമതി മൂടുവതെന്തേ!
കരളിരുളറയിൽ.... മേവിയതാം കാരണമയ്യോ!
തവകരുണയതാൽ വരമഴയെ ചൊരിയുകെ-
(ന്നിൽനീ.
(അകതാരിൽ....

# ക്രിസ്തുരാജകീർത്തനം.

## ഇരുപത്.

(പടം പടം ഉറച്ചുനാം.... എ മ.)

പരാ പരാ മഹേശ്വരാ ഉന്നതൻ മനോഹരാ
പാരിലങ്ങു വൈജയന്തി പാറിടും മനോജ്ഞമായ്
പാറിടും മനോജ്ഞമായ് (പരാ പരാ........

1. നിത്യസത്യമങ്ങയിൽ വിശ്വസിച്ചു ഞങ്ങളും
ക്രിസ്തുവിൻപതാകയിൽ അണിനിരന്നു വന്നിടാം
ലോകദേഹമാന്നിടും യശസ്സുകൾ മറഞ്ഞിടും
നാകലോകരാജനീശ്വരാ വാഴ്ക രാജരാജനായ്
വാഴ്ക രാജരാജനായ് (പരാപരാ.....

2. "എൻെറരാജ്യമന്നു നീ കണ്ടിടുന്നതല്ല, വിൺ–
സുന്ദരപ്രഭാവമാന്ന മന്ദിരം അരൂപമാം"
എന്നനിൻവചസ്സുകൾ ഞങ്ങളെയുണർത്തിയീ
മന്നിലെപ്പുകൾനിറഞ്ഞ ജീവിതം ത്യജിച്ചിടാൻ
ജീവിതം ത്യജിച്ചിടാൻ.

(പരാപരാ....

3. ശാന്തമാകും ക്ഷുരിതംനിറഞ്ഞ ലോകസാഗരം
ശാന്തിദൻെറ കൈമലർ വിടർത്തിയാൽ
സുശാന്തമായ്
നിത്യസത്യമങ്ങയിൽ വിശ്വസിച്ചു ഞങ്ങളും
ക്രിസ്തുവിൻപതാകയിൽ അണിനിരന്നു വന്നിടാം
അണിനിരന്നുവന്നിടാം.

പരാപരാ....

# ക്രിസ്തുമസ് ഗാനങ്ങൾ.

## ഇരുപത്തൊന്നു്.

(ശ്രീ 420_ലെ "പ്യാര്‌ഹായിക...." എ. മ.)

പാതിരാവതിൽ കാലിക്കൂടതിൽ
ജാതനായിതാ ദൈവസുതൻ
മാനവനായേററം താണവനായ്
മാലാഖമാർതൻ നായകനായ്
(പാതിരാവതിൽ....

1. നാകദീപകാന്തിയിൽ മുദ്ര—
മേനിയാകെ സുരമാഹനം!....
നാകദീപ .... .... .... ....
ഭീകരമാമിരുാം മായുകയായ്
ജഗദീശസുതൻ നമ്മിൽ കനിയുകയാൽ
(പാതിരാ....

2. കാന്തിതൂകും താരകാഗണ—
മാകെവാനിൽ ലാത്തുമ്പോാം
വാനദൂതരാകവ ഹാ!
മംഗളഗാനം പാടുമ്പോാം
ബേസ്ലഹത്തിൽ ചെറുപുൽക്കുടിലിൽ
പരനീ സുതൻ പാരിൽ അവതീർണ്ണൻ.
(പാതിരാ....

3. മേഷവൃന്ദപാലകർ മുദാ—
വാഴ്ത്തിടുന്നിതാ നാഥനെ....
മേരിസുതൻ അവർക്കേകിടുന്നു
പരിതോസുരമാം ശാന്തിയരുളിടുന്നു.
(പാതിരാ....

## ഇരുപത്തിരണ്ടു°.

കുടപ്പിറപ്പിലെ– "തുമ്പി തുമ്പിവാവാ". എ. മ )

ഉണ്ണീ ഉണ്ണീ വാ വാ– സുര
കന്യാസുതനേ വാ വാ
കന്യാസുതനേ വാ വാ....

1. വെള്ളിനിലാവിൻ മദ്ധ്യേ— പുതു
വെള്ളിക്കതിരൊളിമിന്നി
സുന്ദരതാരക മന്ദിര മാണതിൻ
കന്ദളമാംശു പൊരിഞ്ഞു. (ഉണ്ണീ....

2. പുൽക്കൂട്ടിൽ പൊന്നുണ്ണീ— മധു
പുഞ്ചിരിതൂകുന്നുണ്ണീ,
പാലൊളിയാലൊരു മാലകൊരുത്ത
അമ്പിളിപോലെയുണ്ണീ (ഉണ്ണീ....

3. പാരിൽ കുളിരല പുൽകി— വര
പൊന്നിൻ നിലവൊളിതൂകി
രക്ഷകനീശൊ വന്നുപിറന്നു
കാലികളാമേവും കൂട്ടിൽ. (ഉണ്ണീ....

4. രജനിവിറച്ചൊരു മഞ്ഞിൽ— പൊൽ
കുളിരലചൂടിയ കുഞ്ഞിൻ
ചെറുകൈകാലുകളിട്ടുകളിക്കും
ചുണ്ടിൽ പൂക്കളെതിർക്കും. (ഉണ്ണീ....

## ഇരുപത്തിമൂന്നു്.

( വെണ്ണിലാവേ, വെണ്ണിലാവേ.... എ. മ. )

പൊൻകിനാവേ, പൊൻകിനാവേ
പുഞ്ചിരിക്കു മധുരാവേ
പുൽത്തൊഴുത്തിൽ പാതിരാവിൽ
ജാതനായീ ജഗദീശൻ........ (പൊൻകി....

1. പാപക്കൂരിരുളാകെയകററിടാൻ
പാരിൽ നരനായവതീർണ്ണൻ
അമ്പിളിപൊഴിയും പുഞ്ചിരിയഴകിൽ
അൻപിൻകുളിരല ചൊരിയുന്നു.... (പൊൻകി....

2. വാനവരാകവേ നൽസ്തുതിഗീതികൾ
വാനിലണിയായു് പാടുന്നേൻ
പൊൽസുമനിരകൾ തൂമണമുതിരും
പാരംമധുരിമ പൊഴിയുന്നേൻ. (പൊൻകി....

3. ദൈവപിതാവിനു എന്നുമേസ്തുതിയും
ഭുവിൻ സന്മനസ്സുള്ളോർക്കായു്.
ശാന്തിദനാകുമാ യേശുമഹേശൻ
ശാന്തിമഹിയിതിലരുളീടും. (പൊൻകി....

# മാതൃസ്തുതിപ്പുകൾ.

## ഇരുപത്തിനാല്.

(പ്ര്യാസയിലെ "ജാനെവഹ്കൈസെ...." എ. മ.)

മേരിമനോജ്ഞേ, ശാന്തിസുധാബ്ധേ!
പാപികൾക്കാശ്രയമേ....
പാരിൽ ഭാവുകമുതിരും നൽവരമരുളും പാവനിയേ....
(മേരി....

1. അകതാരിൽ പൊൻതാരം പോലെ കിരണം-
(പൊഴിയുകനീ
അമ്പിളിപോലെനീ അൻപിൻകടലേ പൊ-
ന്നൊളിതൂകുകനീ
ആശാഗേഹമെ, മായാതകലെ മാനവനായികേ,.
പാരിൽ ഭാവുക.... .... .... .... ....
(മേരി....

2. കനിവിയലാൻതവപാദം പൂൽകാൻ-
വാനിൻപൊൻകണിയേ
കാർമുകിലിൻവൻകൂരിരുളിൽനീ-
തെളിയുമോഹനമായ്
വാഴ്ത്താവാനവസായൂജ്യത്തിൽ-
മിന്നിടുംസുന്ദരിയേ
പാരിൽഭാവുക.... .... .... .... ....
(മേരി....

3. അഴലാകുംലോകത്തിൻമാറിൽ-
അണിയും മധുമലരേ....
കേഴുന്നെൻകരൾ പാപത്തിന്നിരുൾ-
മാഴ്കുകവെൺമതിയേ!
താഴുംസാഗരകല്ലോലമതിൽ-
നീ തുണയേകണമേ....
പാരിൽഭാവുക.... .... .... .... (മേരി....

## ഇരുപത്തിഅഞ്ച്.

+

(വെണ്ണിലാവേ, വെണ്ണിലാവേ.... എ. മ.)

മേരിമാതേ, മേരിമാതേ
പാരിലാക്കും തുണനീയെ
നാരിമാരിൽ പാവനാംഗി
കൂരിരുളിൽ തുണനീയെ.
(മേരി മാതേ....

1. പാപക്കൂരിരുൾ പാരിൽനിറഞ്ഞിതാ
പാരം മനുജർ അലയുന്നേൻ
പാപക്കൂരിരുൾ.... .... .... ....
അമ്പിളിപൊഴിയും കാന്തിതന്നഴകിൽ
അൻപിൻകുളിരൊളിചൊരിയൂ നീ
അൻപിൻ.... .... .... (അമ്പിളിപൊഴിയും....
(മേരിമാതേ....

2. ശാന്തിയെഴുന്നൊരു പാവനശീലേ
പാദതാരിലണഞ്ഞീടാൻ
ശാന്തിയെഴുന്നൊരു.... ....
പാരിൽവിലസും കനിവിൻകടലിൽ
പാരംഞങ്ങൾ തുടിച്ചീടാൻ
പാരം.... .... .... .... പാരിൽ വിലസും....
(മേരിമാതേ....

3. പാവനമങ്ങെ പാദസരോജം
പൂർണ്ണചന്ദ്രിക പ്രഭചൂടി
പാവനമങ്ങെ.... .... ....
മാനത്തലയും താരകൾ നിന്റെ
വാനത്തിൽമണിമുടിചൂടി....
വാനത്തിൽ.... .... .... മാനത്തലയും....

## ഇരുപത്തിആറ്.

(ജനം ജനം കെഫേരെയിലെ
"ജരാ സാമനേതൊ...."   എ. മ.)

മുദാ കൈതൊഴുന്നേൻ മാതേ, മരിയേ!
മിന്നിമിന്നിമാഞ്ഞിടാത്തനീ താരകേ
ഞാൻ തേടുന്നു പാദമലരംബികേ
നാഥേ, കൈവിടല്ലെ നീ ഈ പാപിയെ!
(മുദാ....

1. അമ്പിളിതൂകും പുഞ്ചിരിയാലേ
അൻപിൻകളിത്തേര മായരുതേ....
മാനത്തുവിരിയും താരകമലരാൽ
പൂമാല്യമേകാം മായരുതേ!
പരിപാവനംനിൻപാദം തഴുകാം
കരുണതൻവെൺമുകിലെ ഞാൻ വാഴ്ത്തിടാം
ഇരുളുംമൂടുന്നെൻ വീഥിയതിലാശതൻ
മാരി, പെയ്യുകയെന്നുമേ തുമ്പമേലമെ!
(മുദാ....

2. വാനവർവാഴ്ത്തും പാവനറാണി
പുണ്യപ്രസൂനം നീ മഹിതേ!
സൌഭാഗ്യകലയേ, കന്യകാവിമലേ
പൂമന്ദഹാസം തൂകിടുമോ?
ശാന്തിയേകിടുന്നെൻ മാതേ, മരിയേ!
കഴലിണതഴുകിടാം ഞാൻ മോദമായ്
അതുലാനന്ദമതുളുക നായികേ
നാഥേ, കൈവിടല്ലെ നീ ഈ പാപിയെ!
(മുദാ....

3. പാപികളെ നീ പാവനരാക്കി
പരിമളമുതിരും നിൻ കൃപയാൽ
അൻപാളുമംബെ, സ്നേഹത്തിടംബേ
കൺപാർക്കയെന്നിൽ നിൻ ദയയാൽ
(മുദാ....

## ഇരുപത്തിഏഴു്.

('ജോണിവാക്കറി'ലെ "റൺഡീ റൺഡീ ഹവാ...." എ മ.)

സ്വസ്തി! സ്വസ്തി സദാ കൈവണങ്ങുന്നിതാ
സർവ്വസംപൂജ്യതേ മേരിനാഥേമുദാ.
(സ്വസ്തി....

1. നിർമ്മലാനന്ദമേ, പുണ്യസാരാംശമേ
നന്മസംപൂരിതേ, നാഥേ വാഴ്ത്താമുദാ. (ആ....
നിർമ്മലാനന്ദമേ..... .... ....

ജന്മകന്മഷമേതെല്ലും കൈവരാമേ
തിന്മനീക്കീടുവാൻ ഭൂവിൽവന്നളേ
(സ്വസ്തി....

2. ദൈവമാതാവാകും ദിവ്യ ശ്രീമേരി നീ
ഭവ്യസങ്കേതമായ് നാഥേ വാഴ്ത്താമുദാ. (ആ....
ദൈവമാതാവാകും.... .... ....

പാപപങ്കിലമായ് ലോകസാഗരമേ
ഞങ്ങൾക്കാശ്രയമായ് നാഥേ വാഴ്ത്താമുദാ.
(സ്വസ്തി....

## ഇരുപത്തിഎട്ട്.

('തസ്കരവീരനി'ലെ
"മലർതോറും മന്ദഹാസം".... എ. മ.)

ഉയിർപൂകും വിണ്ണിലാരോ!
അവനീതലത്തിൽനിന്നും
ഉയരുന്നു സ്വർഗ്ഗറാണി
ചൂടുന്നു പൊൻകിരീടം. (ഉയിർ....

1. അനഘംവരിച്ച ചിത്തം
അതുലം പ്രകാശമാർന്നൂ
അനവദ്യ തേജഃപുഞ്ജം
അമലത്വമാർന്നിടുന്നു.
അഖിലേശ ദൂതരെല്ലാം
അണിയായി ചേർന്നു വാനിൽ
ഉയരുന്നു സ്വർഗ്ഗറാണി
ചൂടുന്നുപൊൻകിരീടം. (ഉയിർ....

2. താരങ്ങൾ നൃത്തമാടി
മേഘങ്ങൾ തേരിലേറി
ആകാശവീഥിതന്നിൽ
പൂകുംമനോജ്ഞറാണി!
നാരീമനോഹരീ നീ
പാരിൽ മഹത്വമേകി
ഉയരുന്നു സ്വർഗ്ഗറാണി
ചൂടുന്നു പൊൻകിരീടം (ഉയിർ....

3. കറയററ നിൻഹൃദന്തം
പൊഴിയുന്നു തൂമരന്ദം
അവിരാമശാന്തിതൂകാൻ
ഇവരിൽ കനിഞ്ഞിടേണം.
മഹിയിൽ വിടർന്നുനില്ക്കും
മഹിതപ്രസൂനമാം നീ
ഉയരുന്നു സ്വർഗ്ഗറാണീ
ചൂടുന്നു പൊൻകിരീടം! (ഉയിർ....

## ഇരുപത്തിയൊമ്പതു്.

("കണ്ണുകക മരം ഭാരമാം.... " എ. മ.)

മന്നിന്നു വരമായികേ
വണങ്ങുന്നു ജഗൽനായികേ
തൊഴുന്നു ശ്രീമരിയെ— അംബരത്തിൽ
വിളങ്ങും ദിവ്യജ്യോതിയെ!
(മന്നിന്നു....

1. പാവനമാണല്ലാ കളങ്കമകന്നതവഹൃദന്തം
ഭാവുകമേ മന്നിൽ തൂകിടും പൊൻമതിയേ!
പാവന.... .... .... .... .... ....
മഹിതേ, മഹിതനിൻെറ പൂമ്പദത്തിൽ പൂണ്ടേന്നു!
മഹിതേ.... .... .... .... .... ....
മാഴ്കുന്നു; പ്രഭചൊരിയാൻ കരുണനിറയേ—
നായികേ
തൊഴുന്നു ശ്രീമരിയെ— അംബരത്തിൽ
വിളങ്ങും ദിവ്യജ്യോതിയെ! (മന്നിന്നു....

2. ഇഹത്തിൻ കടലലയിൽ—
പാപത്തിന്നംബുധിയിൽ
നശിക്കും നിൻസുതരിൽ,
നീ പൊഴിക്കും ശാന്തിയതിൽ
നിത്യവും നീന്തിടുന്നു ഞങ്ങളും
നാഥെ, മഹതമാളും ജനനിയേ
ആശ്രയവും നീ, തന്നിയെ താരകേ
അഴലിന്നെരിവെയിലിൽ നീവരികെന്നംബികെ!
(മന്നിന്നു....

## മുപ്പത്.

(പ്യാസയിലെ "സർപ്പതൊരാജകരായേ...." എ. മ )

യേശുമഹേശനുതായേ ഈ പാരിനു നീയെ
അൻപിൻപാതേ, മോഹനമാതേ!
എന്നും ജയനാഥേ....എന്നും....(യേശു........

1. ശുമണിവീണയിൽക്കൂടി
താവകകീർത്തനം പാടി
നിൻപദതാരിൽ കുമ്പിട്ടമിവരിൽ
നൽവരമൂതിരു നാഥേ....
ജയ് ജയ് ജയ് നലമൊട്ട ജയ്
മോക്ഷാനന്ദത്തിറമൊട്ട ജയ്....
ശുമലർമാല കോർത്തതുമെങ്ങൾ
മോദത്താൽ ചാർത്തീടാം..... എന്നും ജയനാഥേ....
എന്നും ജയനാഥേ! (യേശു........

2. ദൈവകുമാരൻ നിന്നിൽ
ഗർഭജനായ് വരുമെന്ന
മംഗലവാർത്തയറിഞ്ഞതപ്പോൾ നീ
നിർമ്മലഗേഹമതല്ലേ!
ജയ് ജയ് ജയ് നലമൊട്ട ജയ്
നന്മക്കടലേ! തിറമൊട്ടജയ്....
കന്മഷമെന്യെ ജന്മമെടുത്ത
കന്യകാമൌലേ, നീ.... എന്നും ജയനാഥേ....
എന്നും ജയനാഥേ! (യേശു........

3. ശാരദവാനിൽ പൂത്ത-
താരകപൂക്കൾ ചൂടി!
വാരണയുന്ന ചന്ദ്രക്കലെന്നിൻ
പാവനപാദം പുൽകി!
ജയ് ജയ് ജയ് നലമൊട്ടജയ്
നന്മക്കടലേ! തിറമൊട്ട ജയ്....
കന്മഷമെന്യെ ജന്മമെടുത്ത
കന്യകാമൌലേ, നീ.... എന്നും ജയനാഥേ....
എന്നും ജയനാഥേ! (യേശു......

## മുപ്പത്തിയൊന്നു്.

("പോയ്‌വരുനീ, പോയ്‌വരുനീ...." എ. മ.)

പാവനിയേ, മാമരിയേ!
സ്നേഹദായികേ....
നീലവാനിൽ മിന്നിടുമാ
താരകംനീയേ.... (പാവനിയെ....

1. പൂമാരി വില്ലിൻ കാന്തിയെ!
പൊന്നമ്പിളിതൻ തേജസ്സേ!
പൂമാരി .... .... .... ....
നിർമ്മലയാം കന്യകയെ, പാവനാംഗിയെ....
(പാവനിയെ....

2. പാപാന്ധകാരം തിങ്ങുമീ
പാരിൽ വരങ്ങളേകു നീ
പാപാന്ധ .... .... .... ....
അൻപാന്നിടും പാവനാംബികേ.... ആ....
അൻപാന്നിടും .... .... .... ....
നിൻ പാദപത്മം തൊഴുതീടുമെന്നും
നിൻപാദ .... .... .... ....
(പാവനിയെ....

## മുപ്പത്തിരണ്ട്

("അമൃതെ പൊഴിയും നിലവേ...." എ മ.)

സ്വരം ചൊരിയും മരിയേ! നിൻ
ചരണം തൊഴുന്നിതാ ഞാൻ.... ചരണം....
(സ്വരം....

1. അഴലിൻ വീഥിയിൽ മേവിടുമെന്നെ
കാത്തരുളീടുക മാതേ.... ആ........
കരുണനതന്നുരവേ നാകമനോജ്ഞേ!
കരുണ .... .... .... ....
കരളിൻ മധുവാം നിൻവരമേകാൻ
ചരണം തൊഴുന്നിതാ ഞാൻ.... ചരണം....
(സ്വരം....

2. മഹിതേ! നിൻജയഗീതികഠം പാടി
മഹിയിൽ വാഴ്ത്തിടുമെന്നും.... ആ....
ഹൃദയം ഇരുളിൽ അലയും ഇവനിൽ
ഹൃദയം .... .... .... ....
സത്യം തെളിവായ് പൊന്നൊളിതൂകാൻ
ചരണം തൊഴുന്നിതാ ഞാൻ.... ചരണം....
(സ്വരം....

## മുപ്പത്തിമൂന്നു്.

('കുടപ്പിറപ്പി'ലെ "മാനസറാണി........" എ. മ.)

വാനവറാണി.... വാനവറാണി....

1. സ്നേഹത്തിൻ മധുനുകരാനായ്.... പദ
സൂനത്തിൽ അണയാനായ്
ഏഴയ്ക്കായ് തവകാരുണ്യത്താൽ
ഏകിടുമോ നിൻ ദാനം.... (വാനവ....

2. പാപക്കൂരിരുളാലേ.... ഇവൻ
നാശക്കുഴി വിശാലേ
എന്നാശകളുടെ മോഹനമതിയേ!
മന്നിൽ നിന്നൊളിതൂകി! (വാനവ....

3. കാന്തിവിലസ്സും മഹിതേ! നീ
ശാന്തിപൊഴിച്ചതിനാലേ
നിൻ കഴൽ കൂപ്പിവണങ്ങീടാം മലർ....
മാലയൊരുക്കാം പാദേ.... (വാനവ....

4. വാനിൽ നീല നിലാവിൽ.... മതി
തേനൊഴുക്കീടും രാവിൽ
മിന്നും താരക പൊന്മുടിചൂടി
മേരീയമലേ വാ വാ.... (വാനവ....

## മുപ്പത്തിനാല്.

("മേരേസാലംമ്‌ലേജാ...." എ. മ.)

മേരീയെൻ സ്നേഹറാണി
പാരിതിൽ ദിവ്യറാണി
നാരീമനോജ്ഞരാജ്ഞി!
തരികനിൻ മധുരിതമാംശാന്തി!
തരിക .... .... .... .... (മേരീ....

1. ആനന്ദപൂരിതം മോഹനം!.... ആനന്ദ....
ആരു നീ പാവനേ കാന്തിയിൽ ശോഭിത
ആരമൃവാടിയിൽ പാവനാംഗി.... ആ....
ആരു നീ .... .... .... ....
ആകാശവീഥിയിൽ ചാരുത ചാർത്തിടും
ആകമ്രശോഭയാൽ മോഹനാംഗി.... ആ....
ആകാശ .... .... .... .... (മേരീ....

2. സ്നേഹസ്വരൂപിണി, നായികേ.... സ്നേഹ....
കാരുണ്യച്ചോലയും കൈവല്യഗേഹവും
പാരിനു ശാശ്വത ശാന്തിയും നീ.... ആ....
കാരുണ്യ .... .... .... ....
താരക മാലയാൽ പൊന്മുടി ചൂടിനീ
താമരക്കൈകളിൽ കൊന്തയുമായ്.... ആ....
താരക മാലയാൽ .... .... .... (മേരീ....

## മുപ്പത്തിയഞ്ച്.

(സോൽവാസാലിലെ "ഹൈ അപ്നാ ദിൽ....?" എ. മ.)

ഓ മഹിതേ, നാഥേ വാഴ്ത്തുന്നേൻ
ഓ മാതാവേ കൈകൂപ്പുന്നേൻ
(ഓ മഹിതേ........

1. തിങ്കൾക്കലപോലും പങ്കമറ്റ നിന്റെ
പങ്കജപാദം തൊഴുന്നതില്ലേ
തിങ്കൾക്കലെ.... .... .... .... (ഓ മഹിതേ....

2. നാരീകുലറാണി, പാരിൽ ജയറാണിനീ
തരീകവരമേ— നരാശ്രയമേ!
നാരീകുലറാണി.... .... .... ....
ഓ ജനനീ നീയെൻ സങ്കേതം
ഓ കാരുണ്യ—ത്തിൻ കേദാരം. (ഓ മഹിതേ....

3. നിരാലംബർക്കെന്നും സമാശ്രയം നീയെ
വിമല ജനനീ മഹാ മണിയേ!
നിരാലംബർക്കെന്നും....
എന്നകതാരിൽ വെൺമതി പോലെ
പൊൻകരമാരി നീ തൂകീടാൻ
(ഓ മഹിതേ........

# മുപ്പത്തിയാറ്.

("ആർഷശോണിതം...." എ. മ.)

പാഹിമാം! മാമരി ജനനിയാം നീ നാഥെ....
പാഹിമാം....നാഥെ.... (പാഹിമാം

1. സന്തതം വണങ്ങിടുന്നു പാദ പങ്കജം
കന്മഷം ഹനിച്ചിടുന്ന നിൻ മുഖാംബുജം
വിണ്ടലം തെളിച്ചിടുന്നു ദിവ്യതാരകം
പാരിൽ ദിവ്യതാരകം.
വിണ്ടലം തെളിച്ചിടുന്ന.... (പാഹിമാം....

2. ജന്മപാപമുക്തയായ ദിവ്യകന്യകേ....
നന്മകാം നിറഞ്ഞുവാണ പാവനാത്മജേ!
നിമ്മലാഭ തൂകിടുന്ന കർമ്മെലാംബികെ
നിത്യ പാവനാംബികെ!
നിർമ്മലാഭ........ (പാഹിമാം....

3. പൊന്നൊളി ചൊരിഞ്ഞിടുന്ന ദിവ്യചന്ദ്രികേ....
അമ്പിളി വണങ്ങിടുന്ന പാദമാലികേ
അഞ്ജലിയണച്ചിടുന്നു പാവനാംഗിയേ
പാരിൽ—പാവനാംഗിയെ!
അഞ്ജലിയണച്ചിടുന്നു........ (പാഹിമാം....

4. മന്നിലെ പ്രകാശമായ സ്നേഹദീപമേ....
വിണ്ണിലെ പ്രമോദമായ ജീവനാളമെ!
ധന്യയാം പ്രഭാവമാർന്ന പുണ്യസാരമെ
ദിവ്യ—പുണ്യസാരമെ....
ധന്യയാംപ്രഭാവമാർന്ന.... (പാഹിമാം....

## മുപ്പത്തിയേഴ്.

("പുതുമുല്ല വിരിഞ്ഞല്ലോ........" എ. മ.)

മഴവില്ല് തെളിഞ്ഞല്ലോ
മധുമലർ വിരിഞ്ഞല്ലോ
മരിയേ നിന്നഴകല്ലോ.... മഹിമയല്ലോ....
ഓ.... മഹിമയല്ലോ! (മഴവില്ല്....

1. ഇരുളിൻെറ ചുരുളിൽനീ കനകാഭക്കതിർപൂശി
ചിരിച്ചൊന്നണഞ്ഞിടാമൊ വസന്തറാണി....
ഓ.... വസന്തറാണി!
മണിത്തെന്നലില് പുത്തൻ
കവിതകൾ വിരചിക്കും
മണിപ്പൂക്കൾ വിരിയുന്ന കാലമായല്ലോ....
ഓ.... മഹിമയല്ലോ. (മഴവില്ല്....

2. കരൾകെട്ടിൽത്തിങ്ങിടുന്ന മകരന്ദമൊഴുക്കിനീ
വരംപെയ്യ ഭുവിലെങ്ങും വാർമഴവില്ലേ
ഓ.... വാർമഴവില്ലേ!
പാപമാകും തമസ്സിൽ ഞാൻ
ഭീകരമായ് ചരിക്കുമ്പോൾ
തവസ്നേഹക്കതിരിൽ പൊൻപ്രഭചൊരിയൂ....
ഓ.... മഹിമയല്ലോ. (മഴവില്ല്....

3. കുളിർ പൊഴിയുന്ന വാനിൽ വരികാ നീ വി—
(മലാംഗി....
കനിവെഴും മറിയമെ, സുരതാരമേ.... ഓ....
സുരതാരമെ! (മഴവില്ല്....

## മുപ്പത്തിയെട്ട്.

(ഏക് ഹി രാസ്തായിലെ
"സാവ്‌ലെ സലോനെ ആയെ...." എ. മ.)

മാമരീ മനോഹരീ നീ, നാരിമാർമണി
മഹിയിതിൽമഹിത നീ, വാനറാണി നീ
വിണ്ണിൻ നിലാവിൽ പൊന്നിൻകിനാവായ്
പൊന്നൊളി തൂകിവരു മാലകററിടാൻ (മാമരീ....

1. വിമല ജനനി മേരീ വാനേശ്വരീ....
വാർമതിമുഖിയവരം സ്നേഹേശ്വരീ....
വിമല.... .... .... .... ....
കാരുണ്യകതിരുകളുതിരുമിപ്പാരിൽ
കാരുണ്യ.... .... .... ....
കന്മഷമേശിടാത്ത നിർമ്മലാംഗി നീ (മാമരീ....

2. കനിവെഴും മഹിതെ നിൻ പാദങ്ങളിൽ
കേഴുകയാണീ ഞങ്ങൾ പാപങ്ങളിൽ....
കനിവെഴും.... .... .... .... ....
സ്വർഗ്ഗീയമണിമുടിയണിയും മനോജ്ഞെ
സ്വർഗ്ഗീയ.... .... .... .... ....
സൌഭാഗ്യശാന്തിതൂകി തൃക്കൺപാർക്ക നീ.
(മാമരീ....

3. ജനതതിയഖിലവും വാഴ്ത്തീടുവാൻ
വാനവകുലമാകെപ്പുകഴ്ത്തുവാൻ
ജനതതി.... .... .... .... ....
ആനന്ദംമിഴികളിലൊഴുകിവരുന്നേൻ.
ആനന്ദം.... .... .... .... ....
സാനന്ദം ഗാനംപാടി സന്നമിച്ചിടാം.
(മാമരീ....

## മുപ്പത്തിയൊമ്പതു്.

( "ഒരു കാററും കാററല്ല......." എ. മ. )

പുരുശാന്തി കോർത്തല്ലൊ
സുരകാന്തി ചേർത്തല്ലൊ
പാരിന്നൊളിദീപം നീയല്ലൊ
പാപികൾക്കാശ്രയം നീയല്ലൊ.
(പുരുശാന്തി....

1. ഇരുളെങ്ങും തിങ്ങി—മതിയങ്ങു മങ്ങി
ഇരുളെങ്ങും .... .... ....
കനിവിൻെറ മണിദീപം മാനത്തു മിന്നി....
കനിവിൻെറ .... .... .... (പുരുശാന്തി....

2. വിണ്ണിലുറങ്ങും വെള്ളിക്കതിരേ!
വിണ്ണിലുറങ്ങും .... .... ....
മന്നിൽ പുണർന്നോരു ഓനങ്ങൾ നിന്നെ.
മന്നിൽ .... .... .... (പുരുശാന്തി....

3. സഹനങ്ങൾ കോർത്തു! സുമലതകൾ ചേർത്തു!
സഹനങ്ങൾ .... .... ....
അണിയിക്കാം പരിത്യാഗ ദിവ്യഹാരം
അണിയിക്കാം .... .... ....
മമശാന്തി! നീ നിൻെറ കുളിർതെന്നൽ തന്നിൽ
മലർമാല ചാർത്തി! പൊൻതവ കീർത്തി.
മലർമാല .... .... .... (പുരുശാന്തി....

## നാല്പത്°.

(തസ്കരവീരനിലെ "പോകല്ലെ പോകല്ലെ...." എ. മ.)

മായയൊല്ലെ, മായയൊല്ലെ, മായയൊല്ലെ നീ
മാലുകളിൽമഹിത— താരമേ! മിന്നി
(മായയൊല്ലെ....

1. ഭൂലോകനായികയാം സുരലോകറാണി
ഭൂലോക.... .... .... .... ....
ചേലൊത്ത പുഞ്ചിരിയാൽ വന്നിട്ട നീ വാനിൽ
മലർ ഹാരവുമായ് വരുമീ— നിൻസുതർ!
(മിന്നി മായയൊല്ലെ....

2. അമ്പിളിതന്നൊളിയേന്തും ഹാ! കന്യതാരമെ
അമ്പിളി.... .... .... .... ....
അൻപാളും സംപൂജ്യമാം പുണ്യസാരമെ
ജപമാലയുമായണയും— നിൻ സുതർ!
(മിന്നി മായയൊല്ലെ....

3. സ്വർഗ്ഗീയപൂങ്കതിരിൻ മഹനീയകാന്തി
സ്വർഗ്ഗീയ.... .... .... .... ....
മൽഗീതധാരയതിൻ മോഹനമാംശാന്തി
ജഗദംബികയേ, മരിയേ തൂകിനീ
(മിന്നി മായയൊല്ലെ....

## നാല്പത്തിയൊന്ന്

("കണ്ണിണയാലെ കടുകവറക്കം പെണ്ണാളെ.... എ. മ.)

വിണ്ണൊളിയാലെ പുതുമപൊഴിക്കും താരങ്ങൾ!
മനോജ്ഞം! മനോജ്ഞം നിൻമുടിത്തുമഴവില്ലാലേ!
വിണ്ണൊളിയാൽ.... (വിണ്ണൊളിയാൽ....

1. അംബരമാകെ പൊൻകളിരായ്
പുംബനമേകും തങ്കതിരാൽ
അംബരമാകെ .... .... .... ....
കോമളപുഞ്ചിരിതൂകിക്കൊണ്ടൊരു
കാന്തിചാർത്തിയ താരങ്ങൾ (വിണ്ണൊളിയാൽ....

2. അമ്പിളിപാദത്താരിന്നമലേ!
ആമ്പലൊഴുകലും പൂന്തേൻ! വിമലേ!
അമ്പിളി .... .... .... ....
മർത്ത്യകുലത്തിനു രക്ഷയൊരുക്കാൻ
മാലകനു ജനിച്ചോളെ.... (വിണ്ണൊളിയാൽ....

3. അന്ധതയെങ്ങും തിങ്ങുകയാൽ
നിൻമനമാകെ കലങ്ങുകയായ്
അന്ധത .... .... .... ....
കന്മഷപാപവിരക്തിയിലാർന്ന
നിന്നെ ഞങ്ങൾ വാഴ്ത്തുന്നേൻ....
(വിണ്ണൊളിയാൽ....

## നാല്പത്തിരണ്ടു്.

("ഇനിയെന്നു കാണുമെൻ...." എ. മ)

കനിവററ പാരിതിൽ കനിവുള്ളൊരമ്മേ
കനിവെഴും ദാനങ്ങൾ പൊഴിക്കുക ചെമ്മെ ....
(കനിവററ....

1. അഖിലർക്കുമാലംബം അരുളിടും തായേ
അഴലിൽനിന്നെന്നും ഉണച്ചിടും നീയേ
അഖിലർക്കു .... .... .... (കനിവററ....

2. കനിവുള്ള നായികെ, മരിയേ മനോജ്ഞേ
കരമലർ കൂപ്പി ഞാൻ വണങ്ങിടും നിന്നെ.
കനിവുള്ള .... .... .... (കനിവററ....

3. കദനത്തിന്നാററിലെ കുളിർത്തെന്നലായ് നീ
അണഞ്ഞിടുമോയെന്നിൽ വരമാരിതൂകി....
കദനത്തി .... .... .... (കനിവററ....

## നാല്പത്തിമൂന്ന്.

("നിൻെറ തണക്കഴിതന്നിലൊരു തള്ളതന്നാൽ...." എ. മ.)

മർത്ത്യന്നനഘമാം വരമഴവില്ലഹോ നിൻ
മനസ്സിൻെറ പുണ്യഭംഗി മിന്നുന്നല്ലോ
ദൈവവരം തളിർത്തു പൊൻസുകൃതങ്ങള—
തിർത്തനിൻ ചിത്തം— നിൻചിത്തം
ഹാ! വിമലതയാൽ. (മർത്ത്യ....

1. കന്യകാംബേ, മേരിമനോവന്ദ്യ!
പാർത്തലത്തിൽ സംരക്ഷാമെന്നുമെന്നും
കന്യകാംബേ.... .... .... .... ....
തവദിവ്യകീർത്തനങ്ങളെ പാടി ഞാൻ പുകഴ്ത്തുമേ
പാവനാത്മശാന്തി പൂൽകുവാൻ.... നിൻെറ
ചിത്തം (മർത്ത്യ....

2. അല്ല ലോകം! സ്വാർത്ഥരായിപാരം
അന്ധതയിൽ മുങ്ങിത്തുടിച്ചിട്ടന്നൂ
അല്ല ലോകം!.... .... .... ....
എൻമാർഗ്ഗവിഘ്നമെങ്ങഹോ! സ്വർഗ്ഗരാജ്യം—
പൂകുവാൻ
കാൺമതില്ല സ്നേഹനായകി.... നിൻെറചിത്തം
(മർത്ത്യ....

3. വന്നണഞ്ഞേൻ കണ്ണുനീർചൊരിഞ്ഞേൻ
വന്നുനീയും എന്നെത്താഴുകിടാമോ?
വന്നണഞ്ഞേൻ.... .... .... ....
മമ മംഗളസ്വരൂപിണി തന്നരുരാം വരങ്ങളെ
മാമകാത്മശാന്തിപൂൽകുവാൻ— നിൻെറ ചിത്തം
(മർത്ത്യ....

## നാല്പത്തിനാല്.

## വി. യൌസേപ്പിതാവിനോട്.

("ഐസബാ ഉൻസെ കഹ്സെരാ...." എ. മ.)

ഏകിടാം— സ്തോത്രമേകിടാം
പാടിടാം— സ്തോത്രഗീതം പാടിടാം
സ്നേഹതാതാ—മൽപിതാവേ
വാനവർ പാടിവാഴ്ത്തും പുണ്യനായകാ.
(ഏകിടാം....

1. നിർമ്മലാത്മദീപമായ ദിവ്യതാപസാ
സ്വർഗ്ഗരാജനേശുവിൻ നിതാന്തപാലകാ,
നിർമ്മലാത്മ .... .... .... ....
കാക്കകാനീ— ഞങ്ങളേയും
സ്നേഹതാതാ— മൽപിതാവേ
നിർമ്മല, മക്കളെപ്പോൽ തൃക്കൺപാർക്കുക.
(ഏകിടാം....

2. കന്യകാ, ജനനിയായ പ്രേമജായതൻ
കന്നിമുദ്രമങ്ങിടാതെ പൂർണ്ണശോഭയാൽ
കന്യകാ .... .... .... ....
കാത്തുവന്ന— മേരീകാന്താ
നൽവരം ഏകുകാനീ നാകം പൂകുവാൻ
(ഏകിടാം....

3. മൂന്നുലോകരാജ്ഞിയായ ദിവ്യപത്നിയും
നാകലോകരാജനായ ദിവ്യപൈതലും
മൂന്നുലോക .... .... .... ....
സാദരം നിൻ ആശ്രയത്തെ
ആദരിച്ച— സ്നേഹതാതാ
കാക്കകാ നീ തിരുക്കുടുംബനായകാ.
(ഏകിടാം....

നാല്പത്തിയഞ്ച്.

# വി. ളൂയിസ് ഗോൺസാഗയോട്.

('ആവാര'യിലെ "ജബ് കെ ബലംഫലർ ആയെ...."എ. മ.)

സ്തോത്രം മഹിതാ പരിമോദം
സതതം മലർപദം കൂപ്പാം. (സ്തോത്രം....

1. ഓ.... സെൻറലോഷ്യസ് നീ സംശുദ്ധ വാനിൽ
സെൻറലോഷ്യസ് .... .... ....
വെൺമ പാകുന്ന ചന്ദ്രനു തുല്യം
ഓ വെൺമ .... .... .... ....
കരളിൽ വിമലമാം പുണ്യം
നിറയും മധുമലർ നീയെ! (സ്തോത്രം....

2. ഓ.... നിസ്തുലാനന്ദ മാകന്ദപൂരം
നിസ്തുലാനന്ദ .... .... ....
നിത്യം തൂകുന്ന ചാരിത്ര്യതാരം
ഓ നിത്യംതൂകുന്ന .... .... ....
സുകൃതപരിമളം പാകി
അനഘമഹൽപദം നേടി. (സ്തോത്രം....

3. ഓ.... ക്രൂശിന്നുന്നതരൂപം വഹിച്ചും
ക്രൂശിന്നു .... .... ....
ശാശ്വതാത്മീയ ചിന്തയിൽ നില്പാൻ
ഓ ശാശ്വതാ .... .... ....
മഹിതാ, വര—പരി—പൂതാ!
മധുരാ—മൃതമരുളുക! (സ്തോത്രം....

# XVI. ചെറുപുഷ്പറാണിയോട്.

('ആവാര'യിലെ "ജബകെ ബലംഘർ ആയെ...." എ. മ.)

സ്വസ്തി മഹിതേ മഹനീയേ
അനഘേ! മധുമലർ നീയെ! (സ്വസ്തി....

1. ഓ.... ദിവ്യദാനത്തിൻ മാരിയണച്ചും
ദിവ്യദാനത്തിൻ .... .... ....
ഭവ്യസൂനങ്ങൾ വാരി പൊഴിച്ചും
ഓ ഭവ്യസൂനങ്ങൾ .... .... ....
ഉലകിൽ മനുജനു സ്വർഗ്ഗം
പുണരാൻ തവ ചെറുമാർഗ്ഗം. (സ്വസ്തി....

2. ഓ.... ഉണ്ണിയീശോതൻ പ്രേമനിലാവേ
ഉണ്ണിയീശോ .... .... ....
വിണ്ണിലാടും മനോജ്ഞമാം പൂവേ
ഓ വിണ്ണിലാടും .... .... ....
ലിസ്യുവിൻ ചെറുപുഷ്പറാണി!
മഹിയിൽ ജയവരറാണി! (സ്വസ്തി....

3. ഓ.... സ്നേഹഗാനങ്ങൾ ലോകെനീ പാടി
സ്നേഹ .... .... .... ....
ധന്യ വേഗത്തിലീശോയെ നേടി .
നീ.... ധന്യ വേഗത്തിലീശോയെ നേടി.
സുകൃതപരിമളം പാകി
മഹിതമഹൽപദം നേടി. (സ്വസ്തി....


DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00008213*
T61 C45

# ഗാനമാല



പിററിലപ്പിള്ളി

T61
C45

Indic Digital Archive Foundation
gpura.org